പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T692 11.07.2016 -ൽ മറുപടിക്ക്

## ദേശീയപാത വികസനത്തിനുള്ള കർമ്മ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>,, റോജി എം. ജോൺ<br>,, അനിൽ അക്കര<br>,, ഷാഫി പറമ്പിൽ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദേശീയപാതയുടെ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പ്രധാന ദേശീയ പാതകളായ എൻ.എച്ച് 17 ഉം എൻ.എച്ച് 47 ഉം 45 മീ. റൈറ്റ് ഓഫ് വേയിൽ സ്ഥലമേറ്റെടുത്ത് സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന വികസിപ്പിക്കുവാനും മറ്റ് ദേശീയ പാതകളായ എൻ.എച്ച് 49 (ബോഡിമെട്ട - കുണ്ടന്നൂർ), എൻ. എച്ച് 208 (കൊല്ലം - കഴുതുരുട്ടി), എൻ.എച്ച് 212 (കോഴിക്കോട്-മുത്തങ്ങ), എൻ.എച്ച് 213 (കോഴിക്കോട്-പാലക്കാട്), എൻ. എച്ച് 220 (കൊല്ലം - കുമിളി), എൻ.എച്ച് 183 എ (ഭരണിക്കാവ് - പത്തനംതിട്ട-വണ്ടിപെരിയാർ), എൻ. എച്ച് 185 (അടിമാലി - പൈനാവ് -കുമിളി) എന്നിവ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി വികസിപ്പിക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ എൻ. എച്ച് 47 ന്റെ വാളയാർ മുതൽ വടക്കഞ്ചേരി വരെയും തൃശ്ശൂർ മുതൽ അരൂർ വരെയുമുള്ള ഭാഗങ്ങൾ 4 വരിപ്പാതയായി വികസിപ്പിച്ചിട്ടുണ്ട്. വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെയും കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെയുമുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | മുൻസർക്കാർ വിളിച്ചുകൂട്ടിയ സർവ്വകക്ഷിയോഗത്തിൽ ദേശീയപാതകളുടെ വീതി എത്രയാണെന്നാണ് തീരുമാനമായിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ പ്രധാന ദേശീയപാതകളായ എൻ.എച്ച് 17 ഉം (421 കി.മീ) എൻ.എച്ച് 47 ഉം (408 കി.മീ) അന്താരാഷ്ട്ര നിലവാരത്തിൽ 4/6 വരിപ്പാതയായി വികസിപ്പിക്കുവാൻ ദേശീയപാത വികസന പദ്ധതി (NHDP) യുടെ രണ്ടും മൂന്നും ഘട്ടത്തിൽപ്പെടുത്തി എൻ.എച്ച്.എ.ഐ യെ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. ദേശീയ തലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് 60 മീ.വീതിയിൽ സ്ഥലമെടുത്താണ് (ROW). 2006-2011 കാലത്തെ സർക്കാർ 30 മീ. വീതിയിൽ ചെയ്യാൻ മന്ത്രിസഭാതീരുമാനം വഴി കേന്ദ്ര സർക്കാരിനെ അറിയിക്കുകയും, ബഹു. മുഖ്യമന്ത്രിയും അഖിലകക്ഷി നിവേദക സംഘവും കേന്ദ്ര സർക്കാരിനെ കണ്ട് തീരുമാനം കൈമാറുകയും ചെയ്തിരുന്നു. പിന്നീട് 60 മീ. വീതി തന്നെ വേണമെന്ന് കേന്ദ്ര സർക്കാർ തീരുമാനിക്കുകയും, കേന്ദ്രമന്ത്രി കൂടെക്കൂടെ മാറ്റിപ്പറഞ്ഞുകൊണ്ടിരുന്നതിനാൽ തീരുമാനം നടപ്പാക്കാനായില്ല. തുടർന്ന് വീണ്ടും സർവ്വകക്ഷി യോഗം ചേർന്ന് 45 മീ. ആക്കാൻ തീരുമാനം എടുത്തു. ഇക്കാര്യം മന്ത്രിസഭാതീരുമാനമായി കേന്ദ്ര സർക്കാരിനെ അറിയിക്കുകയുണ്ടായി. സംസ്ഥാനത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കേന്ദ്രം അത് 45 മീറ്ററായി കുറച്ചു നൽകിയിട്ടുണ്ട്. തലപ്പാടി മുതൽ ഇടപ്പള്ളി വരെയും, ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തെ സ്ഥലമെടുപ്പ് ചില കോണുകളിൽ നിന്നുമുള്ള എതിർപ്പു കാരണം മുന്നോട്ടു പോകുവാൻ സാധിക്കാതിരുന്നതിനാൽ കേന്ദ്ര മന്ത്രാലയത്തിന്റെ 05.03.2014 ലെയും 14.08.2014 ലെയും ഉത്തരവുകൾ പ്രകാരം ഈ പ്രദേശത്തെ ദേശീയപാത വികസനത്തിൽ നിന്നും എൻ.എച്ച്.എ.ഐ പിൻമാറുകയും ദേശീയപാത സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് തിരികെ നൽകുകയും ചെയ്തു. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ പ്രതിനിധികൾ കേന്ദ്ര മന്ത്രിയെ സന്ദർശിച്ച് |

ദേശീയപാതയ്ക്ക് വേണ്ട സ്ഥലത്തിന്റെ വീതി കേരളത്തിനായി 30 മീറ്ററായി നിജപ്പെടുത്തി അലൈൻമെന്റിൽ വേണ്ട ചില മാറ്റങ്ങൾ വരുത്തി (ആരാധനാലയങ്ങൾ പോലെ പ്രാധാന്യമുള്ളവ സംരക്ഷിക്കുന്നതിന്), പദ്ധതി ബാധിതർക്ക് ഉയർന്ന നഷ്ട പരിഹാരം നൽകി ദേശീയപാത വികസന പദ്ധതി നടപ്പിലാക്കുവാൻ ആവശ്യപ്പെടുക യുണ്ടായി. സുരക്ഷിതത്വവും ഭാവിയിൽ ഉണ്ടാകാവുന്ന ഗതാഗത സാന്ദ്രതയും കണക്കിലെടുത്ത് ദേശീയപാതയ്ക്ക് വേണ്ട സ്ഥലം 45 മീ. വീതിയിൽ കുറയ്ക്കാൻ പറ്റില്ല എന്നും പദ്ധതിയ്ക്ക് ആവശ്യമായ സ്ഥല ത്തിന്റെ 80% എങ്കിലും എടുത്തു കഴിഞ്ഞാൽ മാത്രമേ പദ്ധതിയുമായ മുന്നോട്ട് പോകുക യുള്ളു എന്നും, മറ്റു വിഷയങ്ങൾ തുടർന്നു ചർച്ച ചെയ്തു തീരുമാനിക്കാം എന്നും കേന്ദ്ര മന്ത്രി അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ സംസ്ഥാന മന്ത്രിസഭ തീരുമാനം അനുസരിച്ച് 25.10.2014 ൽ പുറപ്പെടുവിച്ച GO(MS) No.94/2014/PWD ഉത്തരവ് പ്രകാരം ദേശീയപാത 45 മീ. വീതിയിൽ വികസിപ്പിക്കുന്നത് അംഗീകരി ക്കുകയും, 80% സ്ഥലം ഏറ്റെടുത്ത് ദേശീയപാത വികസനത്തിന് എൻ.എച്ച്. എ.ഐ യ്ക്ക് കൈമാറാനും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 05.03.2014 ലെയും 14.08.2014 ലെയും ഉത്തരവുകൾ റദ്ദ് ചെയ്യാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ഇതിനായി മുഖ്യമന്ത്രിയുടെ കത്ത് 30.10.2014-ൽ ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ സർക്കാർ അധികാരമേറ്റശേഷം ബഹു.മുഖ്യമന്ത്രി കേന്ദ്രമന്ത്രിയുമായും ദേശീയപാത അതോറിറ്റി അധികാരികളുമായും ഡൽഹിയിൽ വെച്ചു ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ 60% സ്ഥലം ഏറ്റെടുത്തു നൽകിയാൽ പ്രവൃത്തി ഏറ്റെടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ ഭൂമിയും ഏറ്റെടുത്ത് നൽകിയാൽ രണ്ടു വർഷം കൊണ്ട് പ്രവൃത്തി പൂർത്തീകരിച്ചു

നൽകാമെന്ന് 15.06.2016-ന് ബഹു.മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ NHAI പ്രതിനിധി അറിയിച്ചു.

(സി) ഇതിനുവേണ്ടി ഭൂമി ഏറ്റെടുക്കാൻ എന്തെല്ലാം അതിവേഗ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന പ്രശ്ന പരിഹാരത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

(സി) & (ഡി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പ് നടത്തുമ്പോൾ അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അലൈൻമെന്റിലുള്ള പരാതികൾ പരിശോധിച്ച് പുതിയ ഡി.പി.ആർ കൺസൾട്ടന്റിനു വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ നടപടി എടുത്തിട്ടുണ്ട്. ദേശീയപാതാ വികസനത്തിന് കർണ്ണാടക അതിർത്തി മുതൽ വെങ്ങളം വരെയുള്ള ഭാഗത്തെ ഡി.പി.ആർ പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. വെങ്ങളം മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തിന്റെ ഡി.പി.ആർ കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ 15.06.2016-നു ബഹു.മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ദേശീയപാത അതോറിറ്റി (NHAI) ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ഡി.പി.ആർ തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും അലൈൻമെന്റ്, ലാന്റ് അക്വിസിഷൻ പ്രശ്നങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആലപ്പുഴ ജില്ലയിൽ കളക്ടറുടെ ഇടപെടൽ ഉണ്ടാകാത്തതിനാൽ ഇക്കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ആരാധനാലയങ്ങൾ ഉൾപ്പെടെയുള്ള ഭാഗങ്ങൾ ഏറ്റെടുക്കേണ്ടി വരുമ്പോൾ പുനർനിർമ്മിച്ചു നൽകുന്നതിന് ധാരണയായിട്ടുണ്ട്. ദേശീയപാതാ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ജനങ്ങൾക്കു നൽകുന്ന

നഷ്ടപരിഹാരവും പുനരധിവാസവും നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ 2013-ലെ ലാന്റ് അക്വിസിഷൻ ആക്ട് അനുസരിച്ചാണ് (RFCTLARR-Act-2013). സ്ഥലം വിട്ടുനൽകുന്നവർക്ക് ന്യായവും വസ്തുനിഷ്ഠവുമായ നഷ്ടപരിഹാരം നൽകാനുള്ള നടപടി കൈക്കൊള്ളുമെന്നും ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായി ആരും അനാഥരാകില്ലെന്നും സർക്കാർ ഉറപ്പ് നൽകി.

സെക്ഷൻ ഓഫീസർ